**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **12-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ, ഗോഡൗണുകൾ എന്നിവയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൺട്രോൾ ഓർഡർ, 2021 സെക്ഷൻ (48) (2) പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർമാർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള എല്ലാ റേഷൻ കടകളും, താലൂക്ക് സപ്ലൈ ഓഫീസർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 കടകളും, ജില്ലാ സപ്ലൈ ഓഫീസർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള ഏറ്റവും കുറഞ്ഞത് 20 റേഷൻ കടകൾ പരിശോധിച്ചിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ കട ലൈസൻസികളിൽ നിന്നും, സ്റ്റോക്കിൽ കൂടുതൽ / കുറവ് കണ്ടെത്തുന്ന സാധനത്തിന്റെ വില ഈടാക്കുകയും ക്രമക്കേടുകൾ അതീവ ഗുരുതരമാണെങ്കിൽ ടി റേഷൻകടകളുടെ ലൈസൻസ് സസ്പെൻഡ് / ക്യാൻസൽ ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ റേഷനിംഗ് കൺട്രോളർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവരും റേഷൻകടകൾ, ഗോഡൗണുകൾ എന്നിവ പരിശോധിക്കാറുണ്ട്, കൂടാതെ പൊതുജനങ്ങളുടെ പരാതികളുടെ അടിസ്ഥാനത്തിൽ റേഷനിംഗ് ഇൻസ്പെക്ടർ തലം മുതൽ റേഷനിംഗ് കൺട്രോളർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻകടകളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്.<br><br>കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൺട്രോൾ ഓർഡർ, 2021 സെക്ഷൻ 57(3) പ്രകാരം താലൂക്ക് സപ്ലൈ ഓഫീസർ മാസത്തിലൊരിക്കൽ തന്റെ അധികാര |

| | | | |
|---|---|---|---|
| | | | പരിധിയിലുള്ള എല്ലാ എൻ.എഫ്.എസ്.എ ഗോഡൗണുകളും, ജില്ലാ സപ്ലൈ ആഫീസർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള എല്ലാ എൻ.എഫ്.എസ്.എ ഗോഡൗണുകളും പരിശോധിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>സപ്ലൈകോ വിൽപ്പനശാലകൾ, ഗോഡൗണുകൾ, ഡിപ്പോകൾ എന്നിവിടങ്ങളിൽ കേന്ദ്രകാര്യാലയതലത്തിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ, സപ്ലൈകോ വിജിലൻസ് ഓഫീസർ എന്നിവരും ഫീൽഡ് ഓഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും, മേഖലാ തലത്തിൽ മേഖലാ മാനേജർ, അസിസ്റ്റൻറ് മേഖലാ മാനേജർ എന്നിവരും, ഡിപ്പോ തലത്തിൽ ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ (എം&ഐ) എന്നിവരും പരിശോധന നടത്തുന്നു. എല്ലാ മാസവും ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫീൽഡ്) ഉദ്യോഗസ്ഥരുടെയും ത്രൈമാസങ്ങളിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ)-മാരുടെയും പ്രവർത്തനം അവലോകനം നടത്തി, സപ്ലൈ കോയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ വർഷവും വാർഷിക സ്റ്റോക്കെടുപ്പ് നടത്തി സപ്ലൈകോ ഔട്ട് ലെറ്റുകളുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുന്നു. കൂടാതെ 30.9.2022ൽ സ.ഉ.(സാധാ)നം 366/2022/ ഭ.പൊ.വി.വ പ്രകാരം പുനസംഘടിപ്പിച്ച സംസ്ഥാനതല പരിശോധന സംഘം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസ്, എ.ആർ.ഡികൾ, സപ്ലൈകോ ഔട്ടലെറ്റുകൾ എന്നിവ പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |
| (ബി) | പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ), സപ്ലൈകോ ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫീൽഡ്) എന്നിവർ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട് ലെറ്റുകൾ, ഗോഡൗണുകൾ എന്നിവയുടെ പ്രവർത്തനം പരിശോധിച്ചുവരുന്നു. ഈ പരിശോധനകളിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾക്ക് ക്രമക്കേടിന്റെ വ്യാപ്തി അനുസരിച്ച് ബന്ധപ്പെട്ട ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും തുടർന്ന് ടി ഔട്ട് ലെറ്റ് വിശദമായി ഓഡിറ്റ് ചെയ്യുകയും മേഖല മാനേജർ മുഖേനയും സപ്ലൈകോ അച്ചടക്ക വിഭാഗം മുഖേനയും അതിലുൾപ്പെട്ട ജീവനക്കാർക്ക് കുറ്റപത്രം പുറപ്പെടുവിച്ച്, വിശദീകരണം വാങ്ങി, ആവശ്യമായപക്ഷം നേർക്കാഴ്ച |

| | | | |
|---|---|---|---|
| | | | അനുവദിച്ച് ബാധ്യത ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണറുടെ നടപടിക്രമ പ്രകാരം ഏകീകരിച്ച ശിക്ഷാ നടപടികൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (സി) | പാചക വാതകത്തിന്റെയും പെട്രോൾ പമ്പുകളിലെയും അളവുകൾ പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പാചക വാതകത്തിന്റെ അളവും പമ്പുകളിൽ കൂടി വിതരണം ചെയ്യുന്ന ഇന്ധനത്തിന്റെ അളവും പരിശോധിക്കാറുണ്ട്. തുടർച്ചയായി പെട്രോൾ പമ്പുകളിലും ഗ്യാസ് വിതരണ മേഖലയിലും ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്താറുണ്ട്. പമ്പുകളിൽ അളവിൽ കുറവ് കണ്ടെത്തിയാൽ പ്രസ്തുത ഡിസ്പെൻസിംഗ് യൂണിറ്റ് സ്റ്റോപ്പ് ചെയ്ത് ആയതിലെ അളവ് കൃത്യമാക്കി ഫീസ് ഈടാക്കി കൃത്യത ഉറപ്പ് വരുത്തി മുദ്ര ചെയ്തതിനു ശേഷം മാത്രമേ വില്പന അനുവദിക്കുകയുള്ളു.<br><br>ഗ്യാസ് ഡെലിവറി വാഹനങ്ങളിൽ നിന്ന് നൽകുന്ന പാചക വാതക സിലിണ്ടറുകൾ പരിശോധിക്കുകയും വിതരണം ചെയ്ത സിലണ്ടറിൽ തൂക്കത്തിൽ കുറവുണ്ടെങ്കിലും ഡെലിവറി വാഹനത്തിൽ ത്രാസ്സ് സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയതിനും കേസ് എടുത്ത് രാജിഫീസ് ഈടാക്കുകയോ കോടതി നടപടി സ്വീകരിക്കുകയോ ചെയ്യും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<table>
<tr><td colspan="4">പരിശോധനയിൽ  കണ്ടെത്തിയ ക്രമക്കേടുകൾക്ക് സ്വീകരിക്കേണ്ട ശിക്ഷാ നടപടികൾ</td></tr>
<tr><td colspan="2">താക്കീത് / അംഗീകാരം ഒരു മാസത്തേയ്ക്ക് താൽകാലികമായി റദ്ദുചെയ്യൽ/ ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കൽ, /ആകെ ജാമ്യ സംഖ്യയുടെ 20 % കണ്ടുകെട്ടൽ</td><td>അംഗീകാരം 6 മാസം മുതൽ ഒരു വര്ഷത്തേയ്ക്ക് താൽകാലികമായി റദ്ദ് ചെയ്യൽ / ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കൽ /ആകെ ജാമ്യ സംഖ്യയുടെ 50 % കണ്ടുകെട്ടൽ</td><td>അംഗീകാരം സ്ഥിരമായി റദ്ദ് ചെയ്യൽ / ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കൽ/ മുഴുവൻ ജാമ്യ സംഖ്യയും കണ്ടുകെട്ടൽ</td></tr>
<tr><td>ക്രമ നം</td><td>വിഭാഗം – 1</td><td>വിഭാഗം – 2</td><td>വിഭാഗം – 3</td></tr>
<tr><td>1</td><td>റിക്കാർഡുകൾ സൂക്ഷിക്കാത്തതും അപൂർണ്ണമായ രജിസ്റ്ററുകളും KTPDS (Control) Order – 2021 Para 42(1) (VIII),42(1) (IX),42(1)</td><td>രജിസ്റ്ററുകളിലും റിക്കാർഡുകളിലും വ്യാജമായി രേഖപ്പെടുത്തലുകൾ നടത്തുന്നത് KTPDS (Control) Order – 2021 Para 42 (2) (II)</td><td>സിവിൽ സപ്ലൈസ് വകുപ്പ്/ കോർപ്പറേഷൻ ലഭ്യമാക്കാത്തതോ അനുമതി നൽകാത്തതോ ആയ വസ്തുക്കൾ റേഷൻ കട വഴി വിതരണം</td></tr>
</table>

| | | | |
|---|---|---|---|
| | (X),42(1) (XI) & 42(1) (XV) | | ചെയ്യുന്നത് KTPDS (Control) Order – 2021 Para 42 (2) (VI) |
| 2 | റേഷൻ കടയും പരിസരവും വൃത്തിയായി സൂക്ഷിക്കാത്തത് KTPDS (Control) Order – 2021 Para 42 (1) (xii) | റേഷൻ ഉപഭോക്താവിന് കൃത്യ അളവിൽ റേഷൻ നല്കാതിരിക്കുന്നത് KTPDS (Control) Order – 2021 Para 42 (2) (iii) | ഇ–പോസ് മെഷീൻ മനഃപൂർവ്വമായി തകരാർ വരുത്തുന്നത് KTPDS (Control) Order – 2021 Para 42 (2) (viii) |
| 3 | റേഷൻ സാധനങ്ങളുടെ വില കൃത്യമായി അടച്ച് സ്റ്റോക്ക് എടുക്കാത്തത് KTPDS (Control) Order – 2021 Para 42 (1) (xvi) | അംഗീകാരമില്ലാത്ത വ്യക്തികളെ റേഷൻ കടയുടെ പ്രവർത്തനത്തിൽ നിയോഗിക്കുന്നത്.KTPDS (Control) Order – 2021 Para 42 (2) (v) | കേടായ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നത് KTPDS (Control) Order – 2021 Para 42 (2) (x) |
| 4 | KTPDS (Control) Order – 2021 Para 42 (1) പ്രകാരം റേഷൻ | അനുമതിയില്ലാതെ അവധി ദിനങ്ങളിൽ റേഷൻ കട പ്രവർത്തിപ്പിക്കുന്നത്. പ്രവർത്തന | അനുമതിയില്ലാതെ ഇ–പോസ് വഴിയല്ലാതെ മാനുവൽ രീതിയിൽ റേഷൻ |

| | | | |
|---|---|---|---|
| | കടയിൽ പ്രദർശിപ്പിക്കാനുള്ള വസ്തുക്കൾ പ്രദർശിപ്പിക്കാത്തത് | സമയങ്ങളിൽ ഡിപ്പോ കൃത്യമായി തുറന്നു പ്രവർത്തിക്കാത്തത് KTPDS (Control) Order – 2021 Para 42 (1) (vii) | വിതരണം ചെയ്യുന്നത് KTPDS (Control) Order – 2021 Para 43 (1) |
| 5 | റേഷൻ വിതരണത്തിന് ശേഷം റേഷൻ കടയിൽ ഉപഭോക്താക്കളുടെ റേഷൻ കാർഡ് സൂക്ഷിക്കുന്നത്. KTPDS (Control) Order – 2021 Para 42 (2) (i) | ബില്ലുകൾ നൽകാതിരിക്കുന്നത് KTPDS (Control) Order – 2021 Para 42 (1) (ii) | ഭക്ഷ്യധാന്യങ്ങൾ മന: പൂർവ്വമായി കേടുവരുത്തുന്ന പ്രവർത്തനം KTPDS (Control) Order – 2021 Para 42 (2) (ix) |
| 6 | നിർദ്ദിഷ്ടമാതൃകയിൽ നെയിം ബോർഡ് പ്രദർശിപ്പിക്കാത്തത് KTPDS (Control) Order – 2021 Para 42 (1) (xxiv) | സീൽ ചെയ്യാത്ത ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുന്നത് KTPDS (Control) Order – 2021 Para 42 (1) (iv) | റേഷൻ സാധനങ്ങൾ കള്ളക്കടത്ത്, പൂഴ്ത്തിവയ്പ്പ്, മായം ചേർക്കൽ, പൊതുവിപണിയിൽ വിൽപ്പന എന്നിവ ചെയ്യുന്നത് KTPDS |

| | | | |
|---|---|---|---|
| | | | (Control) Order – 2021 Para 42 (2) (iv) |
| 7 | ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് ആവശ്യമായ സൗകര്യവും സഹകരണവും നൽകാത്തത് KTPDS (Control) Order – 2021 Para 42 (1) (xx) & para 42(1) (xxi) | റേഷൻ ഉപഭോക്താക്കളിൽ നിന്നും ഭക്ഷ്യധാന്യങ്ങളുടെ വിലയല്ലാതെ മറ്റുള്ള കാര്യങ്ങൾക്ക് തുക കൈപ്പറ്റുന്നത് KTPDS (Control) Order – 2021 Para 42 (1) (ii) | റേഷൻ കടയിൽ ലൈസൻസി പറയാത്ത സ്ഥലത്ത് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് KTPDS (Control) Order – 2021 Para 42 (1) (vi) |
| 8 | ഗുണഭോക്താക്കളോട് മാന്യമായി പെരുമാറാതിരുന്നാൽ KTPDS (Control) Order – 2021 Para 42 (1) (iii) | റേഷൻ കടയെ സംബന്ധിച്ച് റിക്കാർഡുകൾ റേഷൻകടയിൽ അല്ലാതെ മറ്റ് സ്ഥലത്ത് സൂക്ഷിക്കുന്നത്. KTPDS (Control) Order – 2021 Para 42 (2) (vii) | റേഷൻ ഭക്ഷ്യധാന്യങ്ങളുടെ കുറവ് കൂടുതൽ 10 ക്വിന്റൽ മുതൽ കാണപ്പെടുന്നത്. |
| 9 | പരിശോധനയ്ക്ക് സൗകര്യപ്രദമായി | അനുമതിയില്ലാതെ ഇ–പോസ് മെഷീൻ ഡിപ്പോയിൽ നിന്നും മാറ്റുന്നത് KTPDS | --- |

| | | | |
|---|---|---|---|
| | ചാക്കുകൾ അട്ടി ഇടാതിരുന്നത് KTPDS (Control) Order – 2021 Para 42 (1) (xiii) | (Control) Order – 2021 Para 43 (iv) | |
| 10 | കാലാകാലങ്ങളില് സർക്കാരിൽ നിന്നും വകുപ്പില് നിന്നും പുറപ്പെട്ടുവിക്കുന്ന ഉത്തരവുകള് അനുസരിക്കാത്തത് KTPDS (Control) Order – 2021 Para 42 (1)(v) | റേഷന് ഭക്ഷ്യ ധാന്യങ്ങളുടെ കുറവ്, കൂടുതല് 1 ക്വിന്റല് മുതൽ 10 ക്വിന്റല് വരെ കാണപ്പെട്ടുന്നത് | --- |
| 11 | റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ കുറവ്, കൂടുതൽ 1 ക്വിന്റലിനും താഴെ കാണപ്പെട്ടുന്നത് | --- | ---- |